

THURSDAY 13/03/2025 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor: Haripriya Devi VV (I/C)** **Editor: Dr. Binu Harriet Ivan**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 13/03/2025

1. കേരളസംസ്ഥാന കാർഷികവികസന കർഷകക്ഷേമ വകുപ്പിൻ്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന ത്രിവത്സര പദ്ധതിയാണ് കേരഗ്രാമം. നാളികേരത്തിന്റെറെ ഉല്്പാദനവും തെങ്ങിൻ്റെ ഉലാദനക്ഷമതയും വർദ്ധിപ്പിക്കുക വഴി കർഷകരുടെ വരുമാനം പരമാവധി വർദ്ധിപ്പിക്കുകയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. രോഗം വന്നതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങുകൾ നടുക, ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ലഭ്യമാക്കുക, തെങ്ങിൻ തോപ്പുകളിൽ മെച്ചപ്പെട്ട കാർഷിക പരിപാലനം, ഇടവിളകൃഷി, സമ്മിശ്രകൃഷി, സംയോജിത കീട-രോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, മെച്ചപ്പെട്ട ജലസേചന സൗകര്യം ഒരുക്കൽ, മൂല്യ വർദ്ധിത ഉപന്നങ്ങളുടെ പ്രോത്സാഹനം തുടങ്ങി വൈവിധ്യമാർന്ന ഇടപെടലുകൾ ആണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ചെക്യാട് ഗ്രാമപഞ്ചായത്ത് കേരഗ്രാമം പദ്ധതി മൂന്നാം വർഷത്തിന്റെ ഉദ്ഘാടനവും സോയിൽ കാർഡ് വിതരണവും ഇന്ന് (2025 മാർച്ച് 13 വ്യാഴം) രാവിലെ 9.30 മണിക്ക് എം എൽ എ, ഇ. കെ. വിജയൻ അവറുകളുടെ അധ്യക്ഷതയിൽ കൃഷി വകുപ്പ് മന്ത്രി പി.പ്രസാദ് നിർവ്വഹിക്കുന്നു.

2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റിൽ, കേന്ദ്രാവിഷ്കൃത പദ്ധതിയായ അഗ്രികൾച്ചറൽ ടെക്നോളജി മാനേജ്മൻ്റ് ഏജൻസി (ആത്മ) പ്രോഗ്രാമിന് കീഴിൽ കരാർ അടിസ്ഥാനത്തിൽ സ്റ്റേറ്റ് കോർഡിനേറ്റർ തസ്തികയിലെ ഒരു ഒഴിവിലേക്ക് അപേക്ഷ ക്ഷണിക്കുന്നു (1 ഒഴിവ്). പ്രതിഫലം പ്രതിമാസം 50,000/- രൂപ കാലാവധി 1 വർഷം. കാർഷിക വിജ്ഞാന വ്യാപനം, അഗ്രോണമി, ഹോർട്ടികൾച്ചർ, സോയിൽ സയൻസ്, കാർഷിക സാമ്പത്തികശാസ്ത്രം, ഫിഷറീസ്, മറ്റ് അനുബന്ധ മേഖലകളിലെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഡോക്ടറേറ്റ് അല്ലെങ്കിൽ ബിരുദാനന്തര ബിരുദം ആണ് യോഗ്യത. ഡോക്ടറേറ്റ് ഡിഗ്രി ഉള്ളവർക്ക് കോർഡിനേഷൻ, ആസൂത്രണം എന്നിവയിൽ കുറഞ്ഞത് 10 വർഷത്തെ പ്രവൃത്തി പരിചയവും. ബിരുദാനന്തര ബിരുദം ഉള്ളവർക്ക് 20 വർഷത്തെ പ്രവൃത്തി പരിചയവും ആവശ്യമാണ്. സർക്കാർ മേഖലയിലെ സേവന പരിചയം അഭിലഷണീയം. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ വിശദമായ ബയോഡാറ്റ സഹിതം 20/03/2025 നകം ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം 695033, nodalatmakerala@gmail.com എന്ന ഇ -മെയിൽ id യിലേക്കും അപേക്ഷ സമർപ്പിക്കേണ്ടതാണ്. 58 വയസ്സിൽ താഴെ ഉള്ള അപേക്ഷകർക്ക് മുൻഗണന. യോഗ്യതയുള്ള ഉദ്യോഗാർത്ഥിയെ ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുന്നതാണ്.

3. ക്ഷീരവികസന വകുപ്പിന്റെ ഫോക്കസ് ബ്ലോക്കിന്റെ സംസ്ഥാന തല ഉദ്ഘാടനവും ക്ഷീരവികസന വകുപ്പിന്റേയും ക്ഷീരകർഷക ക്ഷേമനിധി ബോർഡിന്റേയും വിവിധ അവാർഡുകളുടെ വിതരണവും 14 ന് തൊടുപുഴ റിവർ വ്യൂ ഹാളിൽ നടത്തും. ക്ഷീരവികസന മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി ഉദ്ഘാടനം നിർവ്വഹിക്കും. ജല വിഭവ മന്ത്രി റോഷി അഗസ്റ്റിൻ അധ്യക്ഷത വഹിക്കും. ക്ഷീരവികസന വകുപ്പിന്റെ മികച്ച ക്ഷീരകർഷകർക്കുള്ള സംസ്ഥാനതല ക്ഷീരസഹകാരി അവാർഡ്, മലബാർ, എറണാകുളം, തിരുവനന്തപുരം മേഖലാ തല ക്ഷീരസഹകാരി അവാർഡുകൾ, ജില്ലാതല ക്ഷീരസഹകാരി അവാർഡുകൾ, മികച്ച ക്ഷീരസഹകരണ സംഘത്തിനുള്ള ഡോ. വർഗ്ഗീസ് കുര്യൻ അവാർഡുകൾ, സംഘം ജീവനക്കാർക്കുള്ള അവാർഡുകൾ എന്നിവ അവിടെ വിതരണം ചെയ്യും. ക്ഷീരകർഷക ക്ഷേമനിധി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ബോർഡിന്റെ മികച്ച ക്ഷീകർഷകനുള്ള അവാർഡും ക്ഷീരസാന്ത്വനം അവാർഡുകളും വിതരണം ചെയ്യും.

4. റബ്ബർബോർഡ് നടപ്പാക്കിവരുന്ന റബ്ബർകൃഷി ധനസഹായപദ്ധതി, തൊഴിലാളിക്ഷേമപദ്ധതികൾ; റെയിൻഗാർഡിങ്, സ്പ്രേയിങ് തുടങ്ങിയവയ്ക്കുള്ള ധനസഹായപദ്ധതികൾ എന്നിവയെല്ലാം 2023-24 മുതൽ 2025-26 വരെയുള്ള കാലയളവിലേക്ക് കേന്ദ്രസർക്കാർ അംഗീകരിച്ചവയാണ്. ഇതിനുവേണ്ട തുക ബജറ്റിൽ വകയിരുത്തിയിട്ടുമുണ്ട്. ഇതുവരെ ലഭിച്ച അപേക്ഷകളിൽ, ധനസഹായം നൽകുന്നതിനു വേണ്ട നടപടികൾ പുരോഗമിച്ചുവരുന്നു. ഈ സാമ്പത്തികവർഷം അവസാനിക്കുന്നതിന് മുമ്പ് അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ധനസഹായം വിതരണം ചെയ്യുന്നതാണ്. അപേക്ഷകളിലെ എന്തെങ്കിലും പൊരുത്തക്കേടുകൾ കാരണം ഈ വർഷം സബ്സിഡിതുക ലഭിക്കാതെ വന്നാൽ അപേക്ഷകർക്ക് ഈ സാമ്പത്തികവർഷം പൂർത്തിയായതിനുശേഷവും അവ പരിഹരിക്കുന്ന മുറയ്ക്ക് സഹായധനം നൽകുന്നതാണ്.

5. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ പ്ലാന്റ് പതോളജി ഡിവിഷനിൽ 'സീനിയർ റിസേർച്ച് ഫെല്ലോ'യെ താത്കാലികാടിസ്ഥാനത്തിൽ നിയമിക്കാൻ എഴുത്തു പരീക്ഷയും വാക്ക് ഇൻ ഇന്റർവ്യൂവും നടത്തുന്നു. അപേക്ഷകർക്ക് അഗ്രിക്കൾച്ചർ അല്ലെങ്കിൽ ബോട്ടണിയിൽ പ്ലാന്റ് പതോളജി മുഖ്യ വിഷയമായി ബിരുദാനന്തരബിരുദം ഉണ്ടായിരിക്കണം. അപേക്ഷകർക്ക് 2025 ജനുവരി 01-ന് 32 വയസ്സ് കവിയാൻ പാടില്ല. താൽപര്യമുള്ളവർ വിദ്യാഭ്യാസയോഗ്യത, വയസ്സ്, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകളുമായി 2025 മാർച്ച് 18 രാവിലെ 9.30-ന് ഡയറക്ടർ (റിസേർച്ച്), ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം, റബ്ബർബോർഡ് പി.ഒ., കോട്ടയം- 686009

മുമ്പാകെ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 0481-2353311 എന്ന ഫോൺനമ്പരിൽ ബന്ധപ്പെടുകയോ www.rubberboard.org.in വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം